(2) whether they are given in auction separately or are all the shops given in auction in a single lot;

(3) if they are auctioned out in a single lot, when the system was first adopted;

(4) the highest bid amounts of all the arrack shops together for a period of five years prior to the year in which the system mentioned in (3) was adopted;

(5) the annual bid amounts subsequent to the adoption of the eystem till the year 1113?

Mr. P. J. George *(Offg. Excise Commissioner)*.—(1) Six.

(2) For the current year all the shops have been purchased by one man.

(3) The shops are not auctioned in a single lot; but are always auctioned separately and given to the highest bidder.

(4) Does not arise in view of answer to (3). No such system as stated in the question has been adopted by the Government.

(5) Does not arise.

Promotions—Police Constables—Principles regarding.

ഫാ൦. മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.—താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മെണ്ടു മറുപടി പറയുമോ:—

(ക) ടെസ്റ്റ് പാസ്സാവാത്ത പോലീസ്സ് കാൺസ്റ്റബിൾമാർ പ്രമോഷനു അനർഹരാണൊ;

(ഖ) പോലീസ്സ് കാൺസ്റ്റബിൾമാർക്കു പ്രമോഷൻ കൊടുത്തുവരുന്നതിൽ വകുപ്പദ്ധ്യക്ഷൻ ഏതെങ്കിലും നിശ്ചിതമായ ഒരു വ്യവസ്ഥ സ്വീകരിച്ചിട്ടുണ്ടൊ; ഉണ്ടെങ്കിൽ ആ വ്യവസ്ഥകൾ ഏതെല്ലാം;

(ഗ) ഈ വ്യവസ്ഥകൾക്കു വിരോധമായി ആക്കെങ്കിലും പ്രമോഷൻ കൊടുത്തിട്ടുണ്ടൊ;

(ഘ) ഉണ്ടെങ്കിൽ അതിനു വകുപ്പദ്ധ്യക്ഷനു പ്രേരകമായ സംഗതികൾ എന്തെല്ലാം;

(ങ) ഈ നിശ്ചിത വ്യവസ്ഥകളിൽ ഏറ്റവും പ്രാധാന്യം നൽകുന്നതു ഏതിനാണ്?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എ. എൽ. ദേവസ്സി *(Offg. Commissioner of Police)*.—

(ക) ടെസ്റ്റ് വേണമെന്ന നിബന്ധനയുള്ള തസ്തികകളിലേക്കു പ്രമോഷനും അനർഹരാണ്.

(ഖ) ഉവ്വ്. സ്റ്റാൻറിങ്ങ് ഓർഡറിലും പോലീസ്സ് മാന്വലിലും നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾപ്രകാരം ചെയ്യുന്നുണ്ട്.

(ഗ) ഇല്ല.

(ഘ) ഗ-ാം വകുപ്പിനുള്ള ഉത്തരമനുസരിച്ചു ഇതിനു മറുപടി ആവശ്യമില്ല.

(ങ) ഇനാതിനാണെന്നു പ്രത്യേകം പ്രത്യേകം പറയുവാൻ നിവൃത്തിയില്ല.

Leave—Police Constables—Grant of.

ക്ഷ. മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.—താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മെണ്ടു സദയം മറുപടി പറയുമോ:—

(ക) പോലീസ്സ് കാൺസ്റ്റബിൾമാർ അവകാശ അവധി എടുക്കുമ്പോൾ അതിനു പകരം പുതിയ നിയമനങ്ങൾ നടത്താറുണ്ടോ;

(ഖ) കാൺസ്റ്റബിൾമാർ അവകാശ അവധിക്കു അപേക്ഷിക്കുമ്പോൾ മെഡിക്കൽ സർട്ടിഫിക്കെറു ഹാജരാക്കണമെന്നു നിർബന്ധമുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതൽക്കാണ് ആ നിർബന്ധം നടപ്പിൽ വരുത്തീട്ടുള്ളതു;

(ഗ) ഇന്ന പരീക്ഷായോഗ്യതയൊ ഇന്ന പാസ്സൊ ഉള്ള ഡോക്ടരുടെ സർട്ടിഫിക്കെറു ഉണ്ടായിരിക്കണമെന്നു വല്ല വ്യവസ്ഥയും ചെയ്തിട്ടുണ്ടൊ എന്നും; ഉണ്ടെങ്കിൽ എങ്ങിനെയുള്ളവരുടെ സർട്ടിഫിക്കെറു വേണമെന്നുമാണ് ഗവർമ്മെണ്ടു തീരുമാനിച്ചിട്ടുള്ളതു;

(ഘ) മെഡിക്കൽ സർട്ടിഫിക്കെറു സഹിതം അപേക്ഷിക്കുന്ന കാൺസ്റ്റബിൾമാർക്കു അതുപ്രകാരം അവകാശ അവധി അനുവദിക്കാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടു;

(ങ) താഴ്ന്ന ശമ്പളക്കാരായ മറ്റു ഡിപ്പാർട്ടുമെണ്ടുകളിലെ സർക്കാർ ജീവനക്കാരോടും അവകാശ അവധിയുടേയും മറ്റും കാര്യത്തിൽ ഗവർമ്മെണ്ടു ഈ നയം തന്നെയാണൊ അംഗീകരിച്ചിട്ടുള്ളതു?

മിസ്റ്റർ എ. എൽ. ദേവസ്സി *(Offg. Commissioner of Police)*.—

(ക) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly